

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തലക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം17/1929/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/10/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം17/1929/2025 തീയ്യതി: 16/10/2025

മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അഷ്റഫ് പെരുമ്പള്ളി	ഡെപ്യൂട്ടി ഡയറക്ടർ	25-07-2025	02-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-07-2025	02-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സിയാദ്.പി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീത് ബാബു.കെ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹസ്ന.വി.സി, ഓഡിറ്റർ
ശ്രീ. മുഹമ്മദ് ആഖിൽ. പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പുഷ്പ. പി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി അന്ന അലക്സ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷിന്ന ആനി വർഗീസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീ. ശ്രീനാരായണൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	15-01-2025
ശ്രീ. അജികുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ	16-01-2025	31-03-2025
ശ്രീ. അജയ് കുമാർ.വി.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	09-02-2025
ശ്രീ. സജി. എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	10-02-2025	31-03-2025
ശ്രീ. ബിമൽ. പി.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ. മുഹമ്മദ് അനീസ്. എം	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ. ഷീല. കെ	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ഡോ. ഫ്രാൻസിസ്. ജെ ആറാടൻ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2024	31-03-2025
ഡോ. മുഹമ്മദ് ഹാസിൻ. കെ.ടി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	01-04-2024	31-03-2025
ശ്രീമതി നീതു ലക്ഷ്മി. ജി.ആർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	08-08-2024
ശ്രീമതി ലിലിൻ. എ.പി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	09-08-2024	31-03-2025
ശ്രീ. മഹേഷ് പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	18-08-2024
ശ്രീമതി ജസീല ബക്കർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	19-08-2024	31-03-2025
ഡോ. ദേവിക ഡി. സുനിൽ	വെറ്ററിനറി സർജൻ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല	1-1-3
5	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-4
6	രജിസ്റ്റർ സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-1-5
7	Cheque Deposited But Not Cleared ഇനത്തിൽ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	സാമൂഹിക ക്ഷേമ പെൻഷനുകൾ	1-7
14	ക്യാഷ് ബാലൻസ് പരിശോധന	1-8
15	ആഭ്യന്തരനിയന്ത്രണം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ	1-10
17	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം	1-11
18	ജൽജീവൻ മിഷൻ: അവലോകനം	1-12
19	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു	1-13
20	പലിശയില്ലാത്ത കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു-വരുമാന നഷ്ടം	1-14
21	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹത പരിശോധിക്കാതെ ആനുകൂല്യം നൽകി	1-15
22	അസി. എഞ്ചിനിയർ: പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-16
23	പദ്ധതികളുടെ മോണിറ്ററിംഗ്/പൂർത്തീകരണ വിവരം സൂക്ഷിക്കേണ്ടതാണ്.	1-17
24	കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി - വസ്തു നികുതി നഷ്ടം	1-18
25	ജാഗ്രതാ സമിതി ശാക്തീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-19

26	ലൈഫ് ഭവന നിർമ്മാണം-പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.	1-20
27	ഹരിതകർമ്മസേനക്ക് അടിസ്ഥാന സൗകര്യ വികസനം-പർചേസ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.	1-21
28	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല	1-22
29	മെഡിക്കൽ ഓഫീസർ എഫ് എച്ച് സി -KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.	1-23
30	മെഡിക്കൽ ഓഫീസർ എഫ് എച്ച് സി -പ്രൊജക്ട് നടത്തിപ്പിലെ അപാകത	1-24
31	മെൻസ്ട്രൽ കപ്പ് വിതരണം-രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-25
32	IRTC-ടെക്നിക്കൽ സർവീസ് - ഇൻകം ടാക്സ് കുറച്ചില്ല	1-26
33	വാഹന ഇൻഷൂറൻസ് -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല	1-27
34	ലൈബ്രറി സെസ്- അടവാക്കുന്നതിൽ കാലതാമസം	1-28
35	വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന നടത്തുന്നില്ല.	1-29
36	സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-30
37	വാഹനങ്ങളുടെ വിവരം - വീൽസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-31
38	എസ്.എസ്.കെ വിഹിതം അടവാക്കൽ- വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല	1-32
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ജാഗ്രതാ സമിതി ശാക്തീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	3-1
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് വിശദാംശങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11

12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10.06.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 20.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 16/10/2025

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (-2936844/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (-32904954/-) തുല്യമല്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും വാർഷിക ധനകാര്യ പത്രികയിലെ B11-(E) Annual Plan – Capital Expences (Infrastructure Sector) എന്ന ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തിയുടെ മൂല്യങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

1-1-4 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഫണ്ടുകളിലെ എ.സി.ആർ. (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	എ.സി.ആർ പ്രകാരമുള്ള ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് [(B-3 Of 2024-25) – (B-3 Of 2023-24) + I-6]	വ്യത്യാസം
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – റ്റൈഡ് ഫണ്ട്	5401384	3906157	1495227
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺറ്റൈഡ്	3753451	3566816	186635
വികസന ഫണ്ട് - ജനറൽ	24935000*	24834754	246

* എ.സി.ആർ പ്രകാരമുള്ള ചെലവ് + ഡെവലപ്മെന്റ് ഫണ്ട് - ജനറൽ ഫണ്ടിൽ നിന്നുള്ള സോഴ്സ് ഡിഡക്ഷൻ.

1-1-5 രജിസ്റ്റർ സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ

1. വാർഷിക ധനകാര്യ പത്രിക പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ 1,72,346/- രൂപ വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ 2024-25 വർഷത്തെ വരവുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.
2. വാർഷിക ധനകാര്യ പത്രികയുടെ ഷെഡ്യൂൾ B-7 പ്രകാരം ഡെപ്പോസിറ്റ് ഇനങ്ങളിൽ താഴെ പറയും നീക്കിയിരിപ്പുണ്ട്. എന്നാൽ, ഈയിനങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ ആയവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ,

ക്രമ നം.	അഡ്വാൻസ് ഇനം	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്	റിമാർക്സ്
1	Election Deposit	2000	ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് തുക ആരാണ് അടവാക്കിയത്, അടവാക്കിയ തീയതി, തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.
2	Auction Deposit	450	ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് തുക ആരാണ് അടവാക്കിയത്, അടവാക്കിയ തീയതി, തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.
3	Deposit Received From Others	1000	ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് തുക ആരാണ് അടവാക്കിയത്, അടവാക്കിയ തീയതി, തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

3. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-18 ലെ അഡ്വാൻസ് ഇനങ്ങളിലെ നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-6 Cheque Deposited But Not Cleared ഇനത്തിൽ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

മാസാന്ത്യ റീക്കൺസിലിയേഷൻ നടത്താത്തതിനാൽ Cheque Deposited But Not Cleared ഇനത്തിൽ താഴെ പറയുന്ന തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

ബാങ്ക്, അക്കൗണ്ട് നം.	തീയതി	തുക (രൂ.)
STATE BANK OF INDIA PBB TIRUR (67365905112)	21.11.2024	120
	23.11.2024	220

1-2 ബജറ്റ്

2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി	2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി
1(1)/12.02.2024	1(1)/06.03.2025

1-3 സാമ്പത്തിക വിശകലനം

ഇനം	തുക (₹)
മുന്നിരിപ്പ്	4,02,72,100
വരവ്	74,377,380
ആകെ	11,46,49,480
ചെലവ്	7,14,40,536
നീക്കിയിരിപ്പ്	4,32,08,944

1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	1,92,98,086	1,92,98,086	1,92,98,086	0
വികസനഫണ്ട് (എസ്.സി.പി.)	0	52,02,229	52,02,229	52,02,229	0
സംരക്ഷണഗ്രാന്റ് (റോഡ്)	0	3,11,99,000	3,11,99,000	2,11,15,374	1,00,83,626
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	89,44,000	89,44,000	69,56,122	19,87,878
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	1,17,00,611	1,17,00,611	54,01,384	62,99,227
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	0	42,01,515	42,01,515	37,53,451	4,48,064

കുറിപ്പ് :-

1) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) എന്നീ ഫണ്ടിനങ്ങളിലെ മുന്നിരിപ്പുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയവ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി.) എന്നീ ഫണ്ടിനങ്ങളിൽ നിന്നുള്ള സോഴ്സ് ഡിഡക്ഷൻ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല

3) വികസനഫണ്ട് (ജനറൽ), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) എന്നീ ഫണ്ടിനങ്ങളിലെ ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവിന് തുല്യമല്ല. (ഖണ്ഡിക 1-4 കാണുക)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

322	40,80,37,166	204	10,29,46,118	118	63.35%

കുറിപ്പ് :-

അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 418 നമ്പറിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 421, 419 എന്നീ നമ്പറുകളിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 420, 422 എന്നീ നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹65,58,685/- സോഫ്റ്റ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്കുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണ ചെലവ്	1	12,11,671	12,11,672	1,211,543	129
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക	0	1,50,21,668	15021668	1,50,21,668	0

1-7 സാമൂഹിക ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1,580,800	790
വിധവാപെൻഷൻ	22,262,000	10215
വാർദ്ധക്യകാലപെൻഷൻ	44,081,900	19739
മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	6,735,800	2803
വിവാഹ ധനസഹായം	30,000	1
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	647,200	281
ആകെ	7,53,37,700	

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2025ന് 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ചെസ്റ്റിലെ തുകയും (1262/-) ഡേ ബുക്കിലെ ആകെ കളക്ഷൻ തുകയും (1259/-) തമ്മിൽ 3/- രൂപയുടെ വ്യത്യാസം കാണപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ., 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.

2. ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമായി സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ എല്ലാ അഡ്വാൻസ് ഇനങ്ങളും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്ന ധർമ്മം നിർവഹിക്കുന്നില്ല.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 84/2022 ത.സ്വ.ഭ.വ തി.19.04.2022ഉത്തരവിലെ ഖ.14 ൽ മോണിറ്ററിംഗ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഖ.14(1) പ്രകാരം " പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ അല്ലെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥയല്ലാത്ത/

ഉദ്യോഗസ്ഥനല്ലാത്ത മറ്റൊരു ഉദ്യോഗസ്ഥ(ൻ)എന്നിവർ ഉൾപ്പെടുന്ന മൂന്നിൽ കുറയാത്ത അംഗങ്ങൾ ഉള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതിയോ മോണിറ്ററിംഗ് കമ്മിറ്റികളായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപീകരിക്കാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്." ഖ.14 പ്രകാരം "വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ആണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ ആയി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്.

സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ 2024-25 ൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ സർക്കാർ ഉത്തരവു പ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് അസിസ്റ്റന്റ് സെക്രട്ടറി മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കി.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	24.11.2022	09/2022 മുതൽ 10/2022 വരെ	24.11.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.10.2013 മുതൽ 18.10.2013 വരെ	2008-09 മുതൽ 2012-13 വരെ	24.06.2015

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി തലക്കാട് ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ സംബന്ധിച്ച് സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 ൽ അനുവദിച്ച ഹെൽത്ത് ഗ്രാന്റ്, അവാർഡ് കാലയളവിൽ (2021-2026) 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

സ്കീം-1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം
സ്കീം-3	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
സ്കീം-4	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു -

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, ഇനം തിരിച്ച്)

വർഷം	സ്കീം -1 Grants For Specific Purposes	സ്കീം - 3 Grants For Specific Purposes	സ്കീം - 4 Grants For Specific Purposes - Health	ആകെ

	- Health Grant Towards Buildingless Subcentres, PHCs And CHCs	- Health Grant Towards Support For Diagnostic InfraStructure To The PHCs	Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	
2021-22	Nil	Nil	Nil	Nil
2022-23	Nil	239235	111488	350723
2023-24	5632617	1140520	464949	7238086
2024-25	3503744	497132	735783	4736659
			ആകെ	12325468

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ
2021-22	Nil	Nil	Nil	Nil
2022-23	Nil	Nil	Nil	Nil
2023-24	Nil	Nil	Nil	Nil
2024-25	3253129	460810	452017	4165956
ആകെ				4165956

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

ക്രമ നമ്പർ	സ്കീം	നീക്കിയിരിപ്പ് തുക
1	സ്കീം 1	2519471
2	സ്കീം 3	1179894
3	സ്കീം 4	752994
ആകെ (പലിശ ഉൾപ്പെടെ)		4452359 രൂപ

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക
2024-25	ആരോഗ്യ ഉപകേന്ദ്രങ്ങൾ-ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ(324/25)	452017
2024-25	ഹെൽത്ത് ഗ്രാന്റ് 2022-2023 ലാബിലേക്കുള്ള കിറ്റ് ഉപകരണം ലാബ് നവീകരണം തുടങ്ങിയവ(325/25)	460810
2024-25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(402/25)	0
2024-25	ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ(403/25)	0

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പദ്ധതികൾ

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക
2024-25	കട്ടച്ചിറ സബ് സെന്റർ ഹെൽത്ത് ആന്റ് വെൽനസ് സെന്ററായി ഉയർത്തൽ	2061025
2024-25	തെക്കൻകൂർ സബ് സെന്റർ ഹെൽത്ത് ആന്റ് വെൽനസ് സെന്ററായി ഉയർത്തൽ	1192104

മൂന്ന വർഷങ്ങളിലായി ലഭിച്ച ആകെ തുകയുടെ 33.8 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഹെൽത്ത് ഗ്രാന്റിൽ അവശേഷിക്കുന്ന 4452359/-രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ- 02/25.07.2025)

1-12 ജൽജീവൻ മിഷൻ: അവലോകനം

2024 വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റ് വേളയിൽ ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ പരിശോധനാ വിധേയമാക്കി.

ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ വിവരം താഴെ കൊടുക്കുന്നു.

1). കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 15%, ഗുണഭോക്തൃ വിഹിതമായ 10% എന്നിവ ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈമാറിയിട്ടില്ല.
2). ജൽജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിത് വരെ തുകയൊന്നും ലഭിച്ചിട്ടില്ല.

3). ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല.
4). ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ഗ്രാമപഞ്ചായത്തിന് ഫണ്ട് ലഭിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി 04/25-07-2025)

1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം ക്ലെയിം ഡ്യൂ ആയ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ തിരികെ ആവശ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ (കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം വിവിധ ഇനങ്ങളിലായി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നുണ്ട്.

ക്രമ നം.	ഇനം	ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ്	കാലഹരണപ്പെട്ട തുക – പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നത്
1	Supplier's EMD	77493	27.10.2020 മുതൽ 24.09.2021 വരെയുള്ള 16250/- രൂപ കാലഹരണപ്പെട്ടു.
2	Contractors' Earnest Money Deposit	20571	30.12.2016 ലെ 3750/- രൂപ കാലഹരണപ്പെട്ടു.
3	Bidders' Earnest Money Deposit	25075	13.11.2017 മുതൽ 11.10.2021 വരെയുള്ള 25075/-രൂപ കാലഹരണപ്പെട്ടു.
4	Other Deposits	17244	17.05.2022 വരെയുള്ള 17244/- രൂപ കാലഹരണപ്പെട്ടു.
	ആകെ	140383	

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം. 32/2024-25 തീ. 01.08.2025) മറുപടിയായി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കി. മേൽ പറഞ്ഞ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-14 പലിശയില്ലാത്ത കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന കറന്റ് അക്കൗണ്ടുകളിൽ ഭീമമായ തുക നിലനിർത്തുന്നതായി കാണപ്പെട്ടു.

ക്രമ നം.	ബാങ്ക് അക്കൗണ്ട് വിവരങ്ങൾ	31.05.2025 പ്രകാരമുള്ള നീക്കിയിരിപ്പ്
1	SBI - 67365905112	53,32,398
2	SBI - 042607300000571	15,50,945

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ വലിയ തുക നിലനിർത്തുന്നത് പലിശയിനത്തിൽ ലഭ്യമാക്കേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. കറന്റ് അക്കൗണ്ടിലെ തുകകൾ കൃത്യമായ ഇടവേളകളിൽ പലിശ ലഭ്യമാകുന്ന സേവിങ്സ് അക്കൗണ്ടുകളിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 33/2024-25 തീ. 01.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹത പരിശോധിക്കാതെ ആനുകൂല്യം നൽകി

പ്രൊജക്ട്നമ്പറും പേരും	70/2024-25 , പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ തുക	940,000/- 545,000/-(വികസന ഫണ്ട്- SCP)
ചെലവ്	545,000 രൂപ 1) 185,000 BRN No.241505520323012036 13/21.01.2025 2) 100,000 BRN No.241505520323016464 27/22.03.2025 3) 260,000 BRN No.241505520323015242 12/06.03.2025

2024-25 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതിയുടെ ഭാഗമായി സ്കോളർഷിപ്പ് കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നവീൻ.കെ.പി,കോണോത്ത് പടി,വെങ്ങാലൂർ എന്ന വിദ്യാർത്ഥി ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് താനൂർ എന്ന സ്ഥാപനത്തിൽ Integrated M.A Malayalam മൂന്നാം വർഷ വിദ്യാർത്ഥിയാണെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

നവീൻ കെ.പി എന്ന വിദ്യാർത്ഥിക്ക് ക്രമ നമ്പർ 3 ബില്ലിൽ 30,000 രൂപ സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ട്.

5 വർഷ ഇന്റഗ്രേറ്റഡ് M.A കോഴ്സിലെ ആദ്യമൂന്ന വർഷം കഴിഞ്ഞാൽ ബിരുദം നൽകിക്കൊണ്ട് എക്സിറ്റ് ഓപ്ഷൻ ഉള്ളതാണ്. തുടർന്നുള്ള 2 വർഷമാണ് ബിരുദാനന്തര ബിരുദകാലയളവ് എന്നിരിക്കെ മൂന്നാം വർഷത്തേക്ക് ബിരുദ കോഴ്സിന് അർഹമായ 20,000 രൂപക്കാണ് വിദ്യാർത്ഥിക്ക് അർഹത. ആയതിനാൽ അധികം നൽകിയ തുക തിരിച്ചടവാക്കുകയോ ഇക്കാര്യത്തിൽ വ്യക്തത വരുത്തുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി 15 /29.07.2025 ക്ക് മറുപടിയായി 2025-26 ലും ഈ വിദ്യാർത്ഥിയിൽ നിന്നും ആനുകൂല്യത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും തുക അനുവദിക്കുമ്പോൾ അധികം നൽകിയത് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. തുടർ നടപടി വിവരം ലഭ്യമാക്കുന്നത് വരെ 10,000 രൂപ തടസ്സം ചെയ്യുന്നു.

1-16 അസി. എഞ്ചിനിയർ: പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ ഭൗതിക പരിശോധന നടത്തിയപ്പോൾ പ്രവൃത്തി പ്രയോജനപ്രദമാക്കാവുന്ന സ്ഥിതി കൈവരിച്ചിട്ടില്ല എന്ന് കാണുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു.

1.)

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ടിന്റെ പേര്	കട്ടച്ചിറ സബ് സെൻറർ ഹെൽത്ത് വെൽനെസ് സെൻറർ ആക്കി ഉയർത്തൽ -364
പ്രോജക്ട് നമ്പർ	364/25
അടങ്കൽ	2775000(ഹെൽത്ത് ഗ്രാന്റ്)
ആകെ ചെലവ്	2061025(ഹെൽത്ത് ഗ്രാന്റ്)

വൗച്ചർ നം/തീയതി	1947493-22401118/24.1.25 17466-22401113/24.1.25 43666-Retention 34934-22401111/24.1.25

തൻവർഷം വകയിരുത്തിയ തുക ചെലവഴിച്ച് ആശുപത്രിയിൽ നിർമാണ പ്രവർത്തനങ്ങൾ നടത്തി എങ്കിലും പൊതുജനത്തിനു ഉപയുക്തമാകുന്ന വിധത്തിൽ കെട്ടിടം പ്രവർത്തനക്ഷമമാക്കുകയോ പദ്ധതി ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല.

2.)

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ടിന്റെ പേര്	പി എച്ച് സി മെയിന്റനൻസ്
പ്രോജക്ട് നമ്പർ	319/25
അടങ്കൽ	8,00,000(എം.ജി നോൺ റോഡ്)
ആകെ ചെലവ്	773637
ബിൽ നം/തീയതി	24150552044800781078-15.10.24-485233 24150552044801048849-15.10.24-288404

പി എച്ച് സി ഫസ്റ്റ് ഫ്ലോറിൽ ഇമ്മ്യൂണൈസേഷൻ റൂം നിർമിക്കുകയാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്തത്. എന്നാൽ വൈദ്യുതീകരണം, ജനവാതിലുകൾ, വാതിലുകൾ തുടങ്ങിയ അടിസ്ഥാന ഘടകങ്ങൾ പ്രവർത്തിയുടെ ഭാഗമാക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാത്ത അവസ്ഥയാണുള്ളത്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറി 35/2-08-2-25-ന മറുപടി ലഭ്യമായിട്ടില്ല. പദ്ധതികളുടെ ലക്ഷ്യ സാക്ഷ്ക്കാരത്തിനു കൈകൊണ്ട നടപടി സംബന്ധിച്ച വിശദാംശം അറിയിക്കേണ്ടതാണ്.

1-17 പദ്ധതികളുടെ മോണിറ്ററിംഗ്/പൂർത്തീകരണ വിവരം സൂക്ഷിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 84/2022 ത.സ്വ.ഭ.വ തി.19.04.2022ഉത്തരവിലെ ഖ.14 ൽ മോണിറ്ററിംഗ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഖ.14(1) പ്രകാരം " പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ അല്ലെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥയല്ലാത്ത/ ഉദ്യോഗസ്ഥനല്ലാത്ത മറ്റൊരു ഉദ്യോഗസ്ഥ(ൻ)എന്നിവർ ഉൾപ്പെടുന്ന മൂന്നിൽ കുറയാത്ത അംഗങ്ങൾ ഉള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതിയോ മോണിറ്ററിംഗ് കമ്മിറ്റികളായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപീകരിക്കാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്."

മേൽ സൂചിത ഉത്തരവിലെ ഖ.14 പ്രകാരം "വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ആണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ ആയി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്.

എന്നാൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല. നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ സർക്കാർ ഉത്തരവു പ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടും പൂർത്തീകരണ സാക്ഷ്യപത്രവും ഫയലുകളോടൊപ്പം ലഭ്യമല്ല.
അപാകത ചൂണ്ടിക്കാണിച്ചു നല്കിയ ഓഡിറ്റ് എൻകയറി 23/30.07.2025-ന മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിക്കാൻ ഉചിതമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-18 കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി - വസ്തു നികുതി നഷ്ടം

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി) നം. 25/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തലക്കാട് ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 23.05.2023 ന് പുറപ്പെടുവിച്ച എ4-2729/2023 നം. അന്തിമ വിജ്ഞാപന പ്രകാരം ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ 'വാണിജ്യാവശ്യം- 100 ച .മീ വരെയുള്ളവ' എന്ന

വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് 40/- രൂപയും 'വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ' എന്ന വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് 60/- രൂപയും വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്വെയറിലെ നൃബിൽഡിങ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിർണയിച്ചതായി കാണപ്പെട്ടു. ഇത് കാരണം 2024-25 വർഷത്തിൽ വന്ന് വസ്തു നികുതി നഷ്ടം താഴെ ചേർക്കുന്നു.

കെട്ടിടം നം.	തറ വിസ്തീർണം (ച.മീ.) (A)	തെറ്റായി രേഖപ്പെടുത്തിയ ഉപയോഗ ക്രമം	നികുതി നിരക്ക് (B)	യഥാർത്ഥ ഉപയോഗ ക്രമം	നികുതി നിരക്ക് (C)	ഈടാക്കിയ നികുതിയിലെ കുറവ് (C-B)*A
3/267 A	421.54	വാണിജ്യാവശ്യം- 100 ച .മീ വരെയുള്ളവ	42.0*	വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ	63.00*	8852.34

*വിജ്ഞാപന പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിൽ ഓരോ വർഷവും 5% വർധനവുണ്ടാകേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2024-25 തീ. 28.07.2025) മേൽ കെട്ടിടത്തിന്റെ ഉപയോഗക്രമം കെ-സ്മാർട്ടിൽ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും കുറവ് വന്ന വസ്തു നികുതി കുടിശ്ശികയടക്കം വരും വർഷത്തിൽ ഈടാക്കുന്നതാണെന്നും മറുപടി നൽകി. കുറവ് വന്ന വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 ജാഗ്രതാ സമിതി ശാക്തീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ (187/2025 ജാഗ്രതാ സമിതി ശാക്തീകരണം സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്ക് ബോധവൽകരണ ക്ലാസ്) വിഭാവനം ചെയ്തിട്ടുള്ളത് വനിതകൾക്ക് നിയമ ക്ലാസ്, പങ്കെടുക്കുന്നവർക്ക് ഭക്ഷണം, ക്ലാസ് എടുക്കുന്നവർക്ക് ഹോണറേറിയം, ഫ്രീ മാരീറ്റൽ കൗൺസിലിംഗ് എന്നിവ നടത്തുന്നതിനാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവിനത്തിലെ പങ്കെടുത്തവർക്ക് സമ്മാനമായി ഹാന്റ് ബാഗ് വിതരണം ചെയ്തത് (ഇൻവോയ്സ് നമ്പർ L/24-25/925 Dt 28.12.2024 ₹ 52699 ലക്കി ബാഗ് ഹൗസ്, തിരൂർ) പദ്ധതിയിൽ വിഭാവനം ചെയ്യാത്തതും അത്തരം ചെലവ് പദ്ധതി മാർഗ്ഗരേഖയ്ക്കും സബ്സിഡി മാർഗ്ഗരേഖയ്ക്കും വിരുദ്ധവുമാണ്. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

1-20 ലൈഫ് ഭവന നിർമ്മാണം-പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ടുള്ള ചുവടെ ചേർത്ത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലയെന്ന് കാണുന്നു.

1. ലൈഫ് പാർപ്പിട പദ്ധതി – ജനറൽ

ക്രമ നമ്പർ	ഗുണഭോക്താവ്	നാളിതുവരെ കൈപ്പറ്റിയ തുക	അവസാനമായി തുക കൈപ്പറ്റിയ തിയതി
1	ആമിന W/Oഅബ്ദുല്ല, വാർഡ് 8	34000	24.11.2023
2	രഞ്ജിനി W/O പ്രഭാകരൻ,കൊഴപ്പയിൽ വാർഡ്2	80000	28.03.2023
3	കൗസല്യ W/O വാസു, കദളിയിൽ വാർഡ് 6	36000	24.11.2023
4	റാബിയ W/O അബ്ദുറസാഖ്,കൊട്ടിലിങ്കൽ, വാർഡ് 11	36000	24.11.2023
5	ഫൗസിയ W/O മുസ്തഫ വൈര്യം പറമ്പിൽ വാർഡ് 19	36000	24.11.2023
6	ഷരീഫ W/O അബ്ദുറഹിമാൻ പിലാത്തോട്ടത്തിൽ വാർഡ് 5	18000	24.11.2023
7	ശാന്ത W/O രവീന്ദ്രൻ കള്ളിത്തൊടി വീട് വാർഡ് 9	30000	24.02.2023

8	ജമീല W/O സലീം, രായിൻകുട്ടിക്കാനത്ത് , വാർഡ് 17	36000	17.09.2020

2. അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല.

ക്രമ നമ്പർ	ഗുണഭോക്താവ്	കൈപ്പറ്റിയ തുക	തിയതി
1	തുഷാര W/O ശ്രീശൻ, കുമ്മാമ്പിൽ, വൈലത്തൂർ ,ലൈഫ് ID-963137	40000	17.02.2023
2	അജിത W/O രാജൻ, ചൂണ്ടയിൽ പടി, വാർഡ് 8,	10,000	16.05.2024

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പുരോഗതി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (21/30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണ നിലവിലെ സ്ഥിതി വിവരം/പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

1-21 ഹരിതകർമ്മസേനക്ക് അടിസ്ഥാന സൗകര്യ വികസനം-പർചേസ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. _

പ്രൊജക്ട്	ഹരിതകർമ്മസേനക്ക് അടിസ്ഥാന സൗകര്യ വികസനം (316/25)
അടങ്കൽ	100000/-(ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	74445/-
വൗച്ചർ നമ്പർ	60145-22401034/13.01.2025 14300-22401531/31.03.2025
നിർവ്വഹണം	വി ഇ ഒ

മേൽ പ്രൊജക്ട് പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾക്കുള്ള യൂണിഫോം, ഗ്ലൗസ്, ബിൽ ബുക്ക്, മറ്റ് അനുബന്ധ വസ്തുക്കൾ എന്നിവ പർച്ചേസ് ചെയ്തിട്ടുണ്ട്. ആയതിൽ ബിൽ ബുക്ക്, മറ്റ് രജിസ്റ്ററുകൾ എന്നിവ ഗ്രാമപഞ്ചായത്തിന് റബ്ബിംഗ് കോൺട്രാക്ടുള്ള തിരൂർ കോ ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്സിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയ്സുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കൈപ്പറ്റ് രശീതി നമ്പർ/ തുക	ഇൻവോയ്സ് നമ്പർ
1	1034/02.08.2024/21500	1552/02.08.2024/21500
2	1008/23.03.2024/16100	ലഭ്യമാക്കിയിട്ടില്ല.
3	1009/08.02.2025/14300	ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ 2, 3 പ്രകാരമുള്ള ഇൻവോയ്സുകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (22/30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പർചേസ് നടത്തിയതിന്റെ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ മേൽ ചെലവ് തുക (16100+14300=30400/-) തടസ്സം ചെയ്യുന്നു.

1-22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രൊജക്ട്	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (19/25)
അടങ്കൽ തുക (₹)	125,000/-മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

ചെലവ് (₹)	125,000/-
ബിൽ നമ്പർ	241505520398011697 23/13.01.2025/125,000
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ എഫ് എച്ച് സി

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപറേറ്റീവ് ഫാർമസി(ഹോംകോ)-ക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്ന് വ്യക്തമായി. ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊഫോർമ ഇൻവോയ്സ് നമ്പർ	ലഭ്യമായ മരുന്നിന്റെ വിവരം		അവശേഷിക്കുന്ന തുക
	ഇൻവോയ്സ് നമ്പർ	തുക	
PF442/19.10.2024/125,000	LF3144/29.03.2025	53418	73582

അവശേഷിക്കുന്ന തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/28.07.2025) വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഹോംകോയിലേക്ക് അറിയിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-23 മെഡിക്കൽ ഓഫീസർ എഫ് എച്ച് സി -KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ എഫ് എച്ച് സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിനായി KMSCL ന് മുൻകൂർ തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ലയെന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

പ്രൊജക്ട്	എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ 14/25
അടങ്കൽ തുക (₹)	800,000/-മെയിന്റനൻസ് ഫണ്ട് നോൺ റോഡ്
ചെലവ് (₹)	799,996/-
മരുന്ന് വാങ്ങുന്നതിനായി KMSCL ന് നൽകിയ തുക	714,196
ബിൽ നമ്പർ	241505520398005761 59/23.08.2024

ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ

പ്രൊഫോർമ ഇൻവോയ്സ് നമ്പർ	ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ		അവശേഷിക്കുന്ന തുക
	ഇൻവോയ്സ് നമ്പർ	തുക	
PRF460/01.07.2024/714196	986/24.10.2024	41422	43759
	1106/21.11.24	9275	
	1189/30.11.24	112000	
	1425/06.01.25	77045	
	1469/13.01.25	36316	
	1645/21.01.25	84202	
	1756/5.2.25	136238	
	2094/01.03.25	1888	
	2223/26.03.25	92400	
	177/21.04.25	8288	
	855/09.06.25	71363	
	ആകെ	670437	

2)

പ്രൊജക്ട്	കിടപ്പിലായ രോഗികൾക്ക് പരിചരണം-24/25
അടങ്കൽ തുക (₹)	703,600/-വികസന ഫണ്ട്
ചെലവ് (₹)	645456/-
മരുന്ന് വാങ്ങുന്നതിനായി KMSCL ന് നൽകിയ തുക	40,000
ബിൽ നമ്പർ	241505520398007240 42/28.09.2024

ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ

പ്രൊഫോർമ ഇൻവോയ്സ് നമ്പർ	ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ		അവശേഷിക്കുന്ന തുക
	ഇൻവോയ്സ് നമ്പർ	തുക	
PRF949/16.08.2024/40000	1338/21.12.24	5414	2776
	2052/27.02.25	14007	
	93/11.04.25	9469	
	905/13.06.25	8334	
	ആകെ	37224	

അവശേഷിക്കുന്ന തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (09/28.07.2025) വേഗത്തിൽ ലഭ്യമാക്കുന്നതിനായി KMSCL നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

1-24 മെഡിക്കൽ ഓഫീസർ എഫ് എച്ച് സി -പ്രൊജക്ട് നടത്തിപ്പിലെ അപാകത

മെഡിക്കൽ ഓഫീസർ എഫ് എച്ച് സി നിർവ്വഹണോദ്യോഗസ്ഥനായി എഫ് എച്ച് സിയിലേക്ക് വിവിധ പ്രൊജക്ടുകൾ മുഖേന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	1	2	3
പ്രൊജക്ട്	എഫ് എച്ച് സി ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ 366/25	എഫ് എച്ച് സിയിലെ ഫാർമസിയിലേക്ക് എ സി 224/25	ഹെൽത്ത് ഗ്രാന്റ് 2022-23 ലാബിലേക്കുള്ള കിറ്റ് ഉപകരണം ലാബ് നവീകരണം തുടങ്ങിയ (സ്പിൽ ഓവർ)325/25
അടങ്കൽ തുക (₹)	78194/- വികസന ഫണ്ട് ജനറൽ	100000/- വികസന ഫണ്ട് ജനറൽ	ആകെ 1116000 (ഹെൽത്ത് ഗ്രാന്റ്)
ചെലവ് (₹)	59900/-	57944/-	ആകെ ചെലവ് 460810
ബിൽ/ വൗച്ചർ നമ്പർ	241505520398014941 98/ 11.03.2025	241505520398001743 33/ 17.05.2024	Binocular Compond Microscop വാങ്ങിയതിന്റെ വൗച്ചർ നമ്പർ-22401436/204409 (ചെലവ് 23010)

ക്രമ നമ്പർ 1 പ്രകാരമുള്ള ഫോട്ടോസ്റ്റാറ്റ് മെഷീൻ ക്വട്ടേഷൻ നടപടികളിലൂടെ Wellcare Solution Calicut എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ WSC/216/2024-25/11.02.2025 പ്രകാരവും ക്രമ നമ്പർ 2 പ്രകാരമുള്ള എ സി KMSCL ന്റെ റണ്ണിംഗ് കോൺട്രാക്ട് മുഖേന BTS AIR Conditioning And Refrigeration Pvt Ltd കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ക്രമ നമ്പർ 3 പ്രകാരമുള്ള മൈക്രോസ്കോപ്പ് KMSCL ന്റെ റണ്ണിംഗ് കോൺട്രാക്ട് മുഖേന Scientific Medical Equipments Cochin എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്.

ജി ഒ (പി) നം 7/19/എസ് പി ഡി തിയതി 26.04.2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന

സമാഹരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഇനം Gem ൽ ലഭ്യമല്ലാത്തതിനാൽ ആയത് ജെം മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിന് ശേഷം സ്റ്റോർ പർചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ) ആയത് വാങ്ങാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവ് പാലിക്കാതെ മേൽ വാങ്ങലുകൾ നടത്തിയതിന് ആധാരമാക്കിയ രേഖകളും ക്രമ നമ്പർ 1, 2 ,3 എന്നിവ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ വിശദാംശങ്ങൾ എന്നിവയും പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 140854/- രൂപ (59900 + 57944 + 23010) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-25 മെൻസ്ട്രൽ കപ്പ് വിതരണം-രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട്	348/25 – മെൻസ്ട്രൽ കപ്പ്
നിർവ്വഹണം	മെഡിക്കൽ ഓഫിസർ (എഫ്.എച്ച്.സി)
അടങ്കൽ	₹6,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	₹2,99,992/-വൗച്ചർ നം: 22401490/30.03.205
തുക കൈപ്പറ്റിയത്	എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം (ഇൻവോയ്സ് നം. 9423057228/22.03.2025 ₹2,99,992/-

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട വനിതകൾക്ക് 100% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം 1000 മെൻസ്ട്രൽ കപ്പുകൾ (Small-100,Medium-600, Large-300)പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും വാങ്ങിയിട്ടുണ്ട്.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക(2,99,992) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-26 IRTC-ടെക്നിക്കൽ സർവീസ് - ഇൻകം ടാക്സ് കുറച്ചില്ല

പ്രൊജക്ട് : മാലിന്യ നിർമ്മാർജ്ജനം
37/25 IRTC വിഹിതം കൈമാറൽ

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 3,31020/- (തനത് ഫണ്ട്)

ചെലവ് - 3,31020/-

വൗച്ചർ നമ്പർ - 22400583/12.09.2024 ₹1,37,925/-

22401106/22.01.2025 ₹1,10,340/-

22401433/25.03.2025 ₹82,755/-

ആകെ : 3,31020/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ടെക്നിക്കൽ സർവീസാണ് IRTC (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ) ൽ നിന്ന് ലഭ്യമാക്കിയിരിക്കുന്നത്. 1961-ലെ ഇന്ത്യൻ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194J പ്രകാരം ടെക്നിക്കൽ സർവീസിന് ഒരു വർഷത്തിനകം 30000 രൂപയിൽ അധികം ഒരു സ്ഥാപനത്തിന് പേയ്മെന്റ് നടത്തുന്ന വേളയിൽ 2% TDS നടത്തേണ്ടതുണ്ട്. IRTC ക്ക് നൽകിയ 3,31020/- രൂപയിൽ നിന്നും 6620/-രൂപ TDS നടത്തി ഇൻകം ടാക്സ് വകുപ്പിൽ ഒടുക്കേണ്ടതായിരുന്നു. പ്രസ്തുത നികുതി കിഴിവ് നടത്തിയതായി ഫയലിൽ കാണുന്നില്ല. പിന്നീട് തുക തിരിച്ചു പിടിച്ച് നികുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 6 /26.07.2025) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ 2% TDS നടത്തി അടവാക്കുന്നതാണെന്ന് അറിയിച്ചു. മേൽ അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-27 വാഹന ഇൻഷൂറൻസ് -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

വൗച്ചർ നമ്പർ - 22400176/16.05.2024 ₹6142/-

സ.ഉ.(പി) നം 819/2000/ഫിൻ തീയതി 18.04.2000 ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങൾക്ക് കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷൂറൻസ് കവറേജാണ് ഉണ്ടായിരിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹരിതകർമ്മ സേനയുടെ വാഹന (KL55AF 1971)ത്തിന്റെ ഇൻഷൂറൻസ്(കാലയളവ് 16.05.2024 -15.05.2025) യുണൈറ്റഡ് ഇന്ത്യാ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡിൽ നിന്നും ആണ് മേൽ വൗച്ചർ പ്രകാരമുള്ള തുകയ്ക്ക് എടുത്തിട്ടുള്ളത്. (പോളിസി നമ്പർ 3006003124P102306557) സർക്കാർ നിർദ്ദേശം പാലിക്കാതെ ഇൻഷൂറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 26 /30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-28 ലൈബ്രറി സെസ്- അടവാക്കുന്നതിൽ കാലതാമസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയുടെ കൂടെ ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടവാക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/എൽ3/99ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ് ഇനത്തിൽ അടവാക്കേണ്ട തുക (2023-24 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ) അടവാക്കിയതിൽ മേൽ സർക്കുലറിലെ സമയക്രമം പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈബ്രറി സെസ്സ് പിരിച്ചെടുത്ത കാലയളവ്	തുക (₹)	അടവാക്കിയ തിയ്യതി	വൗച്ചർ നമ്പർ/ തിയതി
2023-24 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ	3,69,557	15.06.2024	22400264/15.06.2024

ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയക്രമം പാലിക്കാത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/30.07.2025) ലഭ്യമാക്കിയ മറുപടിയിൽ ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന നടത്തുന്നില്ല.

5.5.1975 ലെ G.O.(Rt) 582/75/PW ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന, അവസാന പരിശോധന നടത്തിയ തിയ്യതിയിൽ നിന്ന് ഒരു വർഷത്തിനകം നടത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വാഹനത്തിന്റെ (KL55T 822) ഇന്ധന ഉപഭോഗ പരിശോധന നടത്തിയതിന്റെ വിവരം ലോഗ് ബുക്കിൽ ലഭ്യമല്ല. മേൽ വാഹനത്തിന്റെയും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റു വാഹനങ്ങളുടേയും ഇന്ധന ഉപഭോഗ പരിശോധന നടത്തിയതിന്റെ റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 27/30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-30 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പദ്ധതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവുവിളക്കുകളും ഒരു വർഷം പരാതികൾക്കിടവരാതെ പ്രവർത്തനക്ഷമമായി നിലനിർത്തുവാൻ ടെണ്ടർ നടപടികളിലൂടെ ഇലക്ട്രിക്കൽ ലൈസൻസുള്ള ആളെ കണ്ടെത്തി കരാറിൽ ഏർപ്പെടുകയും, സാധന സാമഗ്രികൾ കരാറുകാരൻ തന്നെ വാങ്ങി തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കുകയാണ് പ്രൊജക്ടിന്റെ ലക്ഷ്യം. 2024-25 വർഷത്തിൽ 2 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഒന്ന് സ്പിൽ ഓവർ പദ്ധതിയും മറ്റൊന്ന് പുതിയ പദ്ധതിയും. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ടിന്റെ വിവരം	അടങ്കൽ (₹)	ടെണ്ടർ എടുത്ത സ്ഥാപനം/വ്യക്തി/കരാർ കാലാവധി	ഇൻവോയ്സ്	ചെലവ് (₹)	വൗച്ചർ നമ്പർ
തെരുവു വിളക്ക് മെയിന്റനൻസ് So (പ്രൊജക്ട് നമ്പർ 308/24-25)	5,00,000 തനത് ഫണ്ട്	യൂണൈറ്റഡ് എനർജി സിസ്റ്റംസ് തിരുവനന്തപുരം /01.03.2024 മുതൽ 28.02.2024 വരെ	17/15.06.2024	2,66,225	22400455/ 08.10.2024
			43/09.09.2024	1,26,024	22400703/ 18.10.2024
			58/01.12.2024	80,100	22401457/ 28.03.2025

ആകെ				472349	
തെരുവു വിളക്ക് മെയിന്റനൻസ് (പ്രൊജക്ട് നമ്പർ 29/24-25)	8,00,000 തനത് ഫണ്ട്	ജോൺസൺ പി (നൃ കേരള ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് മണ്ണാർക്കാട്/01.01.2025 മുതൽ 31.12.2025 വരെ	51/12.2.2025	289371	22401335/ 11.03.2025

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. യുണൈറ്റഡ് എനർജി സിസ്റ്റംസ് തിരുവനന്തപുരം എന്ന സ്ഥാപനവുമായി മെയിന്റനൻസ് കരാർ ഉണ്ടായിരിക്കേ (യുണൈറ്റഡ് എനർജി സിസ്റ്റംസ് തിരുവനന്തപുരവുമായുള്ള കരാർ കാലാവധി 01.03.2024 മുതൽ 28.02.2025 വരെ) അതേ കാലയളവിലും അതേ തെരുവു വിളക്കുകൾക്കുമായി 2024-25 വർഷത്തെ പുതിയ പദ്ധതിക്ക് ടെണ്ടർ വിളിച്ച് ജോൺസൺ പി (നൃ കേരള ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് മണ്ണാർക്കാട്) ടെണ്ടർ അംഗീകരിക്കുകയും 1.1.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. മുൻ സ്ഥാപനത്തിന്റെ കരാർ കാലവധിയിൽ സേവനം ചെയ്യുകയും (ജനുവരി 2025 ൽ) മേൽ ബിൽ പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ കരാറുകാരനുമായി ചമച്ച കരാറിൽ ക്രമ നമ്പർ 6 ൽ വാർഷിക അറ്റകുറ്റപ്പണിയായി 4 പ്രാവശ്യത്തെ സേവനം നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ സ്ഥാപനം 3 തവണ മാത്രമാണ് സേവനം നൽകിയതായി കാണുന്നത് . അവസാനമായി സേവനം നൽകിയത് ഒക്ടോബർ 2024ൽ ആണ്. തെരുവ് വിളക്കിന്റെ അറ്റകുറ്റപ്പണിക്ക് 1 വർഷത്തെ കാലാവധി ഉണ്ടായിരിക്കേ പുതിയ പദ്ധതി രൂപീകരിക്കുകയും ടെണ്ടർ അംഗീകരിച്ച് കരാർ വെച്ച് ആദ്യ സ്ഥാപനത്തിന്റെ കരാർ കാലാവധിയിൽ അറ്റകുറ്റപ്പണി നടത്തുകയും ബിൽ സമർപ്പിച്ച് തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

2. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3 /2011/തസ്വഭവ തി. 15.09.2011 പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പാലിച്ചതായി കാണുന്നില്ല

I. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തണം. എന്നാൽ ആയതു സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

Ii. തെരുവുവിളക്കുകളുടെ ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവര ശേഖരണം നടത്തിയിട്ടില്ല.

3. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പർ, അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ). എന്നാൽ മെയിന്റനൻസ് രജിസ്റ്ററിൽ തെരുവുവിളക്ക് പോസ്റ്റ് നമ്പർ, വാർഡ് നമ്പർ എന്നീ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതു ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. 2024 ജൂലൈ, ഒക്ടോബർ മാസങ്ങളിൽ വാർഡുകളിൽ നിന്നും വ്യാപക പരാതികൾ ലഭിച്ചതായി ഫയലിൽ കാണുന്നു. കേടായ ലൈറ്റുകൾ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് കരാറുകാരന് നോട്ടീസുകൾ നൽകിയിട്ടുണ്ട്. മേൽ കാലയളവിൽ സ്ട്രീറ്റ് ലൈറ്റ് പ്രകാശിക്കാത്തതുമൂലം പദ്ധതി പ്രകാരമുള്ള സേവനം ജനങ്ങൾക്ക് ലഭ്യമായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

6. കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/02.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-31 വാഹനങ്ങളുടെ വിവരം - വീൽസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കുലറിന്റെയും തുർച്ചയായായി, ധനകാര്യ

(ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

ഗ്രാമ പഞ്ചായത്തിലേയും, ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേയും നിലവിലുള്ള വാഹനങ്ങൾ, ഡ്രൈവർമാർ, മറ്റു വിവരങ്ങൾ എന്നിവ പ്രസ്തുത വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തതിന്റേയും സമയ ബന്ധിതമായി വിവരങ്ങൾ കാലികമാക്കുകയും ചെയ്തതിന്റേയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.28/2024-25/ 30.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-32 എസ്.എസ്.കെ വിഹിതം അടവാക്കൽ- വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട്	195/2025 എസ്.എസ്.കെ വിഹിതം അടവാക്കൽ (സ്പിൽ ഓവർ)
അടങ്കൽ	5,00000/- (വികസന ഫണ്ട്)
ചെവവ്	5,00000/-(വികസന ഫണ്ട്)
BRN	241505520064001816 67/17-05-2024 : 5,00000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 5,00000/- രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം . തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 5,00000/- രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 3/25.07.2025) ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരമുള്ളതല്ല. പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ജാഗ്രതാ സമിതി ശാക്തീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
പ്രൊജക്ട്	187/2025 ജാഗ്രതാ സമിതി ശാക്തീകരണം സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്ക് ബോധവൽകരണ ക്ലാസ്
അടങ്കൽ	1,30400/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെവവ്	90124/-(ധനകാര്യ കമ്മീഷൻ അവാർഡ്)
വൗച്ചർ നമ്പർ	1) XVFC/2024-25/P/106 Dt 23-01-2025 : 20000/- 2) XVFC/2024-25/P/107 Dt 23-01-2025 : 20000/- 3) XVFC/2024-25/P/108 Dt 24-01-2025 : 12699/- 4)XVFC/2024-25/P/109 Dt 10-03-2025 : 1000/- 5) XVFC/2024-25/P/110 Dt 10-03-2025 : 1000/- 6) XVFC/2024-25/P/111 Dt 10-03-2025 : 1425/- 7)XVFC/2025-26/P/1 Dt 29-04-2025 : 34000/-

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 6.3.1 ക്രമ നമ്പർ 4 (വനിതാഘടക പദ്ധതി) പ്രകാരം സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നിവയ്ക്കായി ജി.ഒ.(എം.എസ്.)31/2007/സ.ക്ഷേ.വ. തീയതി.23.06.2007 പ്രകാരം വാർഡ് തലത്തിലും ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങളിലും ജില്ലാ തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചു പ്രവർത്തിപ്പിക്കേണ്ടതും ആവശ്യമായ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി.28.05.2022) ഖണ്ഡിക 2.8. പ്രകാരം പ്രോജക്ടിന്റെ മാനദണ്ഡങ്ങളും നിബന്ധനകളും പാലിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് മാത്രമേ സബ്സിഡി/ധനസഹായം നൽകുവാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് വനിതകൾക്ക് നിയമ ക്ലാസ്, പങ്കെടുക്കുന്നവർക്ക് ഭക്ഷണം, ക്ലാസ് എടുക്കുന്നവർക്ക് ഹോണറേറിയം , പ്രീ മാരീറ്റൽ കൗൺസിലിംഗ് എന്നിവ നടത്തുന്നതിനാണ്

മേൽ പദ്ധതി വിഭാവനം ചെയ്തതിൽ വനിതകൾക്ക് നിയമ ക്ലാസ് നൽകലാണ് പദ്ധതിയുടെ ഭാഗമായി നിർവ്വഹിച്ചിട്ടുള്ളത്. ആയതിന്റെ ഭാഗമായി പങ്കെടുത്തവർക്ക് ഭക്ഷണം (ഇൻവോയ്സ് നമ്പർ 493/30.12.2024 ടൊമാറ്റോ ഇവന്റ്സ് & കാറ്ററിംഗ് ബി.പി.അങ്ങാടി), പങ്കെടുത്തവർക്ക് സമ്മാനമായി ഹാന്റ് ബാഗ് വിതരണം (ഇൻവോയ്സ് നമ്പർ L/24-25/925 Dt 28.12.2024 ₹ 52699 ലക്കി ബാഗ് ഹൗസ് തിരൂർ), ക്ലാസ് എടുത്തവർക്ക് ഹോണറേറിയം(ശ്രീമതി റഹനാസ് പി.പി, ശ്രീമതി സിന്ധു എൻ.വി) പങ്കെടുത്തവർക്ക് പേന വാങ്ങിയത് (2071/27.12.2024 എബിലിറ്റി സെൽഫ് ഹെൽപ് ഗ്രൂപ്പ്, പുളിക്കൽ മലപ്പുറം) എന്നിവ നൽകാനായി മേൽ വൗച്ചറുകൾ പ്രകാരമുള്ള തുക ചെലവഴിച്ചു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവിനത്തിലെ പങ്കെടുത്തവർക്ക് സമ്മാനമായി ഹാന്റ് ബാഗ് വിതരണം ചെയ്തത് (ഇൻവോയ്സ് നമ്പർ L/24-25/925 Dt 28.12.2024 ₹ 52699 ലക്കി ബാഗ് ഹൗസ് തിരൂർ) പദ്ധതിയിൽ വിഭാവനം ചെയ്യാത്തതും അത്തരം ചെലവ് പദ്ധതി മാർഗ്ഗരേഖയ്ക്കും സബ്സിഡി മാർഗ്ഗരേഖയ്ക്കും വിരുദ്ധമാണ്. (വൗച്ചർ ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള തുക ലക്കി ബാഗ് ഹൗസ് തിരൂരിന് നൽകി)

2) നിയമ ബോധവത്കരണ ക്ലാസിൽ പങ്കെടുത്തവർക്ക് ഹാന്റ് ബാഗ് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ വിളിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനം	ക്വട്ടേഷൻ നിരക്ക് (ഒരു ബാഗിന്)
ലക്കി ബാഗ് ഹൗസ്, തിരൂർ	223.30 + ജി.എസ്.ടി 18% = 263.49 /-
തിരൂർ പേപ്പർ മാർട്ട്, കോട്ടക്കൽ	230/-
ബാഗ് വേൾഡ്, ആലത്തിയൂർ	232/-

ക്വട്ടേഷൻ വിളിച്ചതിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്തത ലക്കി ബാഗ് ഹൗസ് തിരുരിന്റെ ക്വട്ടേഷൻ 14.01.2025 ലെ 2/17 ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ചുതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 200 ഹാന്റ് ബാഗുകൾ ഇൻവോയ്സ് നമ്പർ L/24-25/925 Dt 28.12.2024 ₹ 52699 പ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനം സമർപ്പിച്ച നിരക്ക് ജി.എസ്.ടി ഉൾപ്പെടെ 263.49/- രൂപയാണ്. ഈ നിരക്ക് മറ്റ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതലാണ്. തിരുർ പേപ്പർ മാർട്ട് ,കോട്ടക്കൽ എന്ന സ്ഥാപനം 230 രൂപയാണ് (ജി.എസ്.ടി പ്രത്യേകം കാണിച്ചിട്ടില്ല) ക്വാട്ട് ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 200 ഹാന്റ് ബാഗിന് 46000/- രൂപ മാത്രമേ ആകുമായിരുന്നുള്ളൂ. 6699/- രൂപയുടെ വ്യത്യാസം കാണുന്നു.

3) 30.12.2024 ന് നടന്ന ജാഗ്രത സമിതി ശക്തിപ്പെടുത്തലിന്റെ ഭാഗമായി ജാഗ്രതാ സമിതി അംഗങ്ങൾക്ക് നടത്തിയ ബോധവത്കരണ ക്ലാസിൽ 225 പേർ പങ്കെടുത്തതായി അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 37 പേർ പുരുഷൻമാരാണ്. വനിതാ ഘടക പദ്ധതിയായിട്ടാണ് പദ്ധതിക്ക് തുക ചെലവഴിച്ചിട്ടുള്ളത്. പുരുഷൻമാരേയും ഉൾപ്പെടുത്തി പദ്ധതി നിർവ്വഹണം നടത്തി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബോധവത്കരണ ക്ലാസിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് ലിസ്റ്റിൽ 188 സ്ത്രീകൾ മാത്രമാണ് ഉള്ളത്. 200 ഹാന്റ് ബാഗുകൾ വിതരണം ചെയ്തതിന്റെ/കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 31/01.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

പങ്കെടുത്തവർക്ക് സമ്മാനമായി ഹാന്റ് ബാഗ് വിതരണം ചെയ്തതിന്റെ ഭാഗമായ ചെലവ് പദ്ധതിയിൽ വിഭാവനം ചെയ്യാത്തതും പദ്ധതി മാർഗ്ഗരേഖക്കും സബ്സിഡി മാർഗ്ഗരേഖക്കും വിരുദ്ധവുമായതിനാൽ ചെലവ് തുക ₹ 52699/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് വിശദാംശങ്ങൾ

ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
16	92500	92500	0	

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	ബാധകമല്ല	ബാധകമല്ല	ബാധകമല്ല	ബാധകമല്ല	

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

0	ബാധകമല്ല				

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	ബാധകമല്ല	-	-	-	

(ഓഡിറ്റ് എൻക്വയറി നമ്പർ 1/2024-25 തീയതി.25.07.2025)

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25	2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	പ്രൊജക്ട് നം, പേര്	ലഭിച്ച തുക (₹)	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് (₹)
ബ്ലോക്ക് പഞ്ചായത്ത്	13/25 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	50,000	50,000	0
	2/25 - നെൽകൃഷി വികസനം	3,17,644	3,17,644	0
	43/25 - ലൈഫ് ഭവന പദ്ധതി ജനറൽ	11,77,113	11,77,113	0
	101/25 - ഭിന്നശേഷി സ്കോളർഷിപ്പ്	3,30,000	3,30,000	0
	98/25 - ലൈഫ് ഭവന പദ്ധതി എസ്.സി	3,60,000	3,60,000	0
	ആകെ	22,34,757	22,34,757	0
ജില്ലാ പഞ്ചായത്ത്	101/25 - ഭിന്നശേഷി സ്കോളർഷിപ്പ്	1,55,635	1,55,635	0
	323/25 – പാറശ്ശേരി ഈസ്റ്റ് കുഞ്ഞാലി റോഡ് അഴുക്ക് ചാൽ നിർമ്മാണം	15,00,000	15,00,000	0
	43/25 - ലൈഫ് ഭവന പദ്ധതി ജനറൽ	4,00,000	4,00,000	0
	ആകെ	2055635	2055635	0

4-4 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തി	വൗച്ചർ/ബില്ല്/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ബാക്കി
KSEB	വായനശാല കുടിവെള്ള പദ്ധതിക്ക് സൈഡ് പ്രൊട്ടക്ഷൻ വർക്ക് – വാർഡ് 1	24150552006401463932/ 07.03.2025	5139	5139	U C ലഭ്യമായി – തീ. 28.07.2025	0
	തെക്കൻ കുറ്റൂർ GLP സ്കൂളിന് മുന്നിൽ മാർഗ തടസമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	24150552006401133715 തീ. 06.01.2025	18172	18172	U C ലഭ്യമായി – തീ. 10.07.2025	0
	കട്ടച്ചിറ സബ് സെന്ററിന് സമീപത്തുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	24150552006400858145 തീ. 04.11.2024	12529	12529	U C ലഭ്യമായി – തീ. 10.07.2025	0
	കട്ടച്ചിറ സബ് സെന്ററിന് മുകളിലുള്ള ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ	24150552006401055017 തീ. 18.12.2025	64406	64406	U C ലഭ്യമായി – തീ.	0

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-6 വായ്പ/വായ്പ തിരിച്ചടവ്

ക്രമ നം.	വായ്പയുടെ പേര് / ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം ലഭ്യമായ വായ്പ തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
					മുതൽ	പലിശ	
1	ലൈഫ് ഭവനപദ്ധതി – KURDFC	–	6,10,99,957	12,88,351	53,32,285	–	57,056,023

കുറിപ്പ് :- ലോൺ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ലോൺ ശീർഷകത്തിന്റെ ലെഡ്ജർ, സൂലേഖയിലെ ചെലവ് പത്രികയിൽ ലോൺ തിരിച്ചടവായി ചേർത്തിട്ടുള്ള തുക എന്നിവ പ്രകാരമുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4-7 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (₹)	15,000
തൻവർഷം നിക്ഷേപിച്ച തുക (₹)	0

ആകെ (₹)	15,000
തന്നാണ്ടിൽ പിൻവലിച്ച തുക (₹)	5000
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം (₹)	10,000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ക്രമ നം.	നിക്ഷേപത്തിന്റെ വിവരം	തുക (₹)	രശീതി നം./ തീയ്യതി
1	ദി മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കുറ്റിപ്പുറം	10,000	483/20.05.1998
	ആകെ	10,000	

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,72,346/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (₹)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീതി നമ്പർ/തീയ്യതി
2013-14, 2014-15	2(6)	2500	ഇബ്രാഹിംകുട്ടി, PWD കോൺട്രാക്ടർ	1240701521/12.07.2024
2013-14, 2014-15	2(6)	2500	പുരുഷോത്തമൻ, PWD കോൺട്രാക്ടർ	1240701619/20.07.2024
2013-14, 2014-15	2(6)	2500	ബാബുരാജ്, PWD കോൺട്രാക്ടർ	1240701626/20.07.2024
		1560	അസിസ്റ്റന്റ് എഞ്ചിനീയർ	1240703886/10.12.2024
		7019	അസിസ്റ്റന്റ് എഞ്ചിനീയർ	1240703897/11.12.2024
2022-23	1-14	1440	തുളത്തിൽ വെൽനസ് ക്ലിനിക്	1240701751/31.07.2024
2023-24	1-20	3215	അസിസ്റ്റന്റ് എഞ്ചിനീയർ	1240703885/10.12.2024
2023-24	1-20	7348	അസിസ്റ്റന്റ് എഞ്ചിനീയർ	1240703888/ 10.12.2024
2023-24	1-20	2537	അസിസ്റ്റന്റ് എഞ്ചിനീയർ	1240703887/ 10.12.2024
2023-24	3-1(1)	6687	ശ്രീമതി. കിമി ബോസ്. കെ, അസി. എഞ്ചിനീയർ (₹3,343.50) ശ്രീ. മുരളീധരൻ. പി, അസി. എക്സി. എഞ്ചിനീയർ (₹3,343.50)	1240708719/11.12.2024
2023-24	3-1(2)	1955	ശ്രീമതി. കിമി ബോസ്. കെ, അസി. എഞ്ചിനീയർ (₹977.50) ശ്രീ. മുരളീധരൻ. പി, അസി. എക്സി. എഞ്ചിനീയർ (₹977.50)	1240703896/ 11.12.2024
2023-24	1-24	35005	ഡോ. സുമിന ഫർസാന	1240707941/ 20.02.2025
ആകെ		77,266		

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2015-16	2-3	2016-17	അനുബന്ധം	തൊഴിൽ നികുതി	നടപടി തുടരുന്നു
2015-16	2-4	2016-17	അനുബന്ധം	തൊഴിൽ നികുതി	നടപടി തുടരുന്നു

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ, തിയ്യതി)	റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്	ഡിമാന്റിൽ ഉൾപ്പെടുത്തി-യിട്ടുണ്ടോ	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക (₹)	അവശേഷിക്കുന്ന തുക (₹)
				നമ്പറും തിയ്യതിയും	തുക (₹)				ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)		
1	2000-01	46, 48, 50, 51, 57, 63	കെ. വി. ചേക്കു	15739/ സ്പെ. സെൽ/ എസ്.സി.5/ 04 തീയതി 25.06.2005	38,781	അടവാക്കി-യിട്ടില്ല	ഇല്ല	ഇല്ല	0	0	0	38,781

4-11 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	74,377,380
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	7,14,40,736
വരവിനങ്ങളിലെ നഷ്ടം (₹)	0
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	52,699
ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹)	481246

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നം.	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1	-	52,699	ശ്രീമതി. ലിലിൻ. എ. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
ആകെ	-	52,699	

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	10,000	ശ്രീമതി. ഷിനു ആനി വർഗീസ്, അസിസ്റ്റന്റ് സെക്രട്ടറി

1-21	30,400	ശ്രീ. ബിമൽ .പി.എസ്, വി ഇ ഒ
1-24	1,40,854	ഡോ. മുഹമ്മദ് ഹാസിൻ. കെ.ടി, മെഡിക്കൽ ഓഫിസർ (എഫ്.എച്ച്.സി)
1-25	2,99,992	ഡോ. മുഹമ്മദ് ഹാസിൻ. കെ.ടി, മെഡിക്കൽ ഓഫിസർ (എഫ്.എച്ച്.സി)
1-32	5,00,000	ശ്രീമതി അന്ന അലക്സ്, സെക്രട്ടറി
ആകെ	481246	

ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.
ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.
ഇല്ല.
എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ലിലിൻ. എ. പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, തെക്കുമുറി, തിരൂർ ബ്ലോക്ക് ഓഫീസ്	ബിവിൻസ്, വട്ടപ്പറമ്പ്, ചാലിയം പി.ഒ., 673301 മൊബൈൽ : 7034137822 E-Mail: Aplilin92@Gmail.Com

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ക്രമ നം.	ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1	1996-97	കെ.എസ്.എ.എം.പി.എം.17/1359/2019, തീയ്യതി. 15.09.2020	2
2	1999-2000	കെ.എസ്.എ.എം.പി.എം.17/1359/2019(1), തീയ്യതി. 26-05-2023	8
3	2000-01	കെ.എസ്.എ.എം.പി.എം.17/1359/2019(2), തീയ്യതി. 26-05-2023	7
4	2002-03	കെ.എസ്.എ.എം.പി.എം.17/1359/2019, തീയ്യതി. 15.09.2020	3
5	2003-04	കെ.എസ്.എ.എം.പി.എം.17/1359/2019(4), തീയ്യതി. 26-05-2023	2
6	2004-05	കെ.എസ്.എ.എം.പി.എം.17/1359/2019(5), തീയ്യതി. 26-05-2023	1
7	2005-06	കെ.എസ്.എ/എം.പി.എം17/150/23, തീയ്യതി. 26-05-2023	5
8	2006-07	കെ.എസ്.എ/എം.പി.എം17/150/23(2), തീയ്യതി. 26-05-2023	7
9	2007-08	കെ.എസ്.എ/എം.പി.എം17/150/23(3), തീയ്യതി. 26-05-2023	5
10	2008-09 To 2010-11	കെ.എസ്.എ/എം.പി.എം17/2345/2017, തീയ്യതി. 26-05-2023	11

11	2011-12& 2012-13	കെ.എസ്.എ.എം.പി.എം.17/88/2016, തീയ്യതി. 07.03.2017	13
12	2013-14& 2014-15	കെ.എസ്.എ.എം.പി.എം.17/1927/2016, തീയ്യതി. 24.06.2017	15
13	2015-16	കെ.എസ്.എ.എം.പി.എം.17/3270/2016, തീയ്യതി. 09.03.2018	25
14	2016-17	കെ.എസ്.എ.എം.പി.എം.17/2196/17, തീയ്യതി. 18.07.2018	24
15	2017-18	കെ.എസ്.എ.എം.പി.എം17/218/19 , തീയ്യതി. 07-05-2023	12
16	2018-19	കെ.എസ്.എ.എം.പി.എം17/27/20 , തീയ്യതി. 11-05-2023	10
17	2019-20	കെ.എസ്.എ.എം.പി.എം17/832/22, തീയ്യതി. 24.09.2022	15
18	2020-21	കെ.എസ്.എ.എം.പി.എം17/1494/22, തീയ്യതി. 24.09.2022	14
19	2021-22	കെ.എസ്.എ.എം.പി.എം.17/3106/2022, തീയ്യതി. 14.06.2023	20
20	2022-23	കെ.എസ്.എ.എം.പി.എം.17/2160/2023(1), തീയ്യതി. 24-01-2024	15
21	2023-24	കെ.എസ്.എ.എം.പി.എം.17/2589/2024, തീയ്യതി. 26-12-2024	35

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 10-06-2025 and submitted on 20-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thalakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thalakkad Grama Panchayat as on 31-03-2025

Date: 16/10/2025

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Thalakkad Grama Panchayat for the Year 2024-2025.

1.Major Observations

1) Notes of the secretary on the Annual Financial Statement as required by Rule 62(2)(e) of the Kerala Panchayat Raj Accounts Rules, 2011, Key Annual Ratios as per Rule 62(2)(f), comparative amounts of the previous as per Rule 62(3) are not included in the Annual Financial Statement submitted for audit.

2) The following registers are not to up to date and hence their correctness could not be checked.

(a) Asset Register

(b) Advance Register

(c) Loan Register

3) The amount titled Net increase in cash and cash equivalance in the cash flow statement doesnt match with the amount titled Net cash generated by Operating + Investing + Financing Activity (A+B+C) in the same statement.

4) Expenditure as per the Appropriation Control Register does not match with the expenditure as per the Annual Financial Statement in the following funds

a) Central Finance Commission grants

b) Development Fund â General

5) The amounts in reconciliation statement labelled as Directly Debited by BankÂÂ are yet to be regularized.

6) The fixed asset depreciation amount as per the balance sheet does not match with the same as per the income and expenditur statement.

2.Other Observations

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്